ആഗസ്റ്റ്
2025

# M E S BYTES

MES HIGHER SECONDRY SCHOOL IRIMBILIYAM PIN 679572

Little KITEs e News Paper

EMAIL : meshsibm@gmail.com | https://meskerala.com

## സ്കൂൾ അവധി മാറ്റം ;ടേബിൾ ടോക്ക് ചർച്ച സംഘടിപ്പിച്ചു



ഇരിമ്പിളിയം: മഴക്കെടുതികളും, പ്രളയവും മറ്റും മൂലം സ്കൂൾ പ്രവൃത്തിദിനങ്ങൾ നഷ്ടപ്പെടുന്നതിന് പരിഹാരമെന്നോണം സ്കൂൾ വേനൽ അവധി ഏപ്രിൽ- മെയ് മാസങ്ങളിൽ നിന്നും ജൂൺ- ജൂലൈ മാസങ്ങളി ലേക്ക് മാറ്റുന്നതുമായി ബന്ധപ്പെട്ട് ഇരിമ്പിളിയംഎം ഇ എസ് ഹയർ സെക്കൻഡറി സ്കൂളിൽ ടേബിൾ ടോക്ക് ചർച്ച സംഘടിപ്പിച്ചു. സ്കൂൾ മാനേജ്മെന്റ്,പി ടി എ-അധ്യാപക- വിദ്യാർത്ഥി പ്രതിനിധികൾ ഉൾപ്പെടെയുള്ളവരുമായി സംഘടിപ്പിച്ച ചർച്ച എംഇഎസ് സംസ്ഥാന കമ്മിറ്റി അംഗം അബ്ദുല്ലത്തീഫ് ഉദ്ഘാടനം ചെയ്തു സ്കൂൾ മാനേജ്മെന്റ് കമ്മിറ്റി വൈസ് പ്രസിഡന്റ് അബ്ദുൽ അസീസ് അധ്യക്ഷത വഹിച്ച പരിപാടിയിൽ എസ് എം സി സെക്രട്ടറിടി മുസ്തഫ കമാൽ സ്വാഗതം പറഞ്ഞു. ചർച്ചയിൽ എസ് എം സി ജോ. സെക്രട്ടറിയും, വളാഞ്ചേരി കെ വി എം കോളേജ് പ്രിൻസിപ്പൽ ഇൻചാർജുമായ പ്രൊ. സാജിദ് വിഷയാവതരണം നടത്തി. തുടർന്ന് നടന്ന ക്രിയാത്മകമായ ചർച്ചയിൽ എസ് എം സി വൈസ് പ്രസിഡന്റ് പ്രൊ. സൈനബ, ടഷറർ ഹബീബ് റഹ്മാൻ, എസ് എം സി ജോ. സെക്രട്ടറി നൗഷാദ്, എം പി ടി പ്രസിഡണ്ട് സമീഹ അലി, എസ് എം സി അംഗങ്ങളായ ബീരാൻ, നൗഷാദ്, പി ടി എ പ്രതിനിധികളായ ഹഫ്സ ത്ത്ബീവി, നാരായണൻ, മുഹമ്മദാലി, ബുഷ്റ ഡെപ്യൂട്ടി എച്ച് എം ഷമീമ, സ്റ്റാഫ് സെക്രട്ടറി അജിത്ത്, അക്കാദമിക് കോഡിനേറ്റർമാരായ ഷാഹിന, റംഷി, അധ്യാപകരായ അനീഷ്, നജ്മുദ്ദീൻ, ശ്രീജിത്ത്, റഫീഖ്, മൻസൂർ, സുബൈർ, സുധീർ, അൻവർ വിദ്യാർത്ഥി കളായ റാഫി, അനാമിക,അനഘ, ഷിൻസ എന്നിവർ അഭിപ്രായങ്ങൾ രേഖപ്പെടുത്തി പ്രിൻസിപ്പൽ കെ കെ നജ്മുദ്ധീൻ നന്ദി പ്രകാശനം നടത്തി.സ്കൂൾ അവധിമാറ്റം സമൂഹത്തിന്റെ എല്ലാതലത്തിലും വിശദമായ ചർച്ചകൾക്ക് വിധേയമാക്കേണ്ടതാണെന്നും, പ്രായോഗികമായി നിലവിലുള്ള സംവിധാനമാണ് കൂടുതൽ നല്ലതെന്നും ചർച്ച വിലയിരുത്ത പ്പെടുകയുണ്ടായി.



സ്കൗട്ട്സ് & ഗൈഡ്സ് ടീ ഷർട്ട് യൂണിഫോം തിരൂര് ഡി. ഇ. ഒ ബാബുരാജ് ആർ.പി ഹെഡ്മാസ്റ്റർ അഷ്റഫലി കാളിയത്തിന് ന്ല്കി ഉദ്ഘാടനം ചെയ്യുന്നു.

## ഗാന്ധിദർശൻ ക്ലബ് പോസ്റ്റർ നിർമ്മാണ മത്സരം നടത്തി.

ഇരിമ്പിളിയം എം.ഇ.എസ് ഹയർ സെക്കന്ററി സ്കൂളിലെ ഗാന്ധിദർശൻ ക്ലബ് ഗാന്ധിജിയും ഇന്ത്യൻ സ്വാതന്ത്ര്യസമരവും എന്ന വിഷയത്തിൽ പോസ്റ്റർ നിർമ്മാണ മത്സരം സംഘടിപ്പിച്ചു.ആലിയ 8U ഒന്നാംസ്ഥാനവും ഹിബ ടി.പി.8 I രണ്ടാം സ്ഥാനവും അഫ്‌ലഹ 8 G മൂന്നാം സ്ഥാനവും നേടി. അധ്യാപകരായ ശ്രീജിത്ത്. ഇ.പി, ഷമ്മഷാഫി എന്നിവർ പരിപാടിക്ക് നേതൃത്വം നൽകി




**സ്കൂൾ ലൈബ്രറിയിലേക്ക് എം.ഇ.എസ് ബൈറ്റ്സ് ഇ -ന്യൂസ് പേപ്പറിന്റെ പ്രിന്റഡ് കോപ്പി കൈമാറി**

### ആഗസ്റ്റ് 1-ലോക സ്കാർഫ് ദിനം

## അന്താരാഷ്ട്ര സ്കാർഫ് ദിനം ആചരിച്ചു



ഇരിമ്പിളിയം എം.ഇ.എസ് ഹയർ സെക്കന്ററി സ്കൂളിലെ സ്കൗട്ട്സ്& ഗൈഡ്സ് ആഗസ്റ്റ് 1 ന് ലോക സ്കാർഫ് ദിനാചരണം സ്ക്കൂൾ ഹെഡ്മാസ്റ്റർ അഷ്റഫലി കാളിയത്ത് ഉദ്ഘാടനം നിർവ്വഹിച്ചു. ദിനാചരണത്തിൽ റിക്രൂട്ടുകൾക്ക് സ്കൗട്ട്സ് ഗൈഡ്സിൽ അംഗത്വം നൽകുന്ന ചിഹ്നദാന ചടങ്ങും സ്കാർഫ് അണിയിക്കലും സംഘടിപ്പിച്ചു. പരിപാടിയിൽ തിരൂര് വിദ്യാഭ്യാസജില്ല സ്കൗട്ട് സെക്രട്ടറിയും സ്ക്കൂൾ സ്കൗട്ട്സ് മാസ്റ്ററുമായ അമീൻ പി.ജെ, ഗൈഡ്സ് അധ്യാപികമാരായ സുമയ്യ ,ഹസീന, ഷഹ്ന, ,ഷബ്ന റൈഹാനത്ത്, എന്നിവർ പരിപാടിക്ക് നേതൃത്വം നൽകി.

## ജെ.ആർ സി സ്കാർഫിംഗ് സെറിമണി

ഇരിമ്പിളിയം എം. ഇ. എസ് ഹയർ സെക്കന്ററി സ്ക്കൂളിലെ 2025-28 വർഷത്തെ ജൂനിയർ റെഡ് ക്രോസ് കേഡറ്റുകളുടെ സ്കാർഫിംഗ് സെറിമണി



ആഗസ്റ്റ് 11 ന് സ്ക്കൂൾ ഗ്രൗണ്ടിൽ വെച്ച് നടത്തി.ഹെഡ്മാസ്റ്റർ അഷ്റഫലി കാളിയത്ത് എ ലെവൽ ഗ്രൂപ്പ് ലീഡർ ഫാത്തിമ റിഷ ക്ക് സ്കാർഫ് അണിയിച്ച് കൊണ്ട് പരിപാടി ഉദ്ഘാടനം ചെയ്തു. പരിപാടിയിൽ സ്റ്റാഫ് സെക്രട്ടറി അജിത്ത് ഇ, ഡെപ്യൂട്ടി ഹെഡ്മിസ്ട്രസ് ഷമിമ, ജെ.ആർ സി. കോർഡിനേറ്റർമാരായ നവാസ്,അബ്ദുൽ ഷമീർ, ഫാത്തിമ,നുബ്‌ല എന്നിവർ പരിപാടിക്ക് നേതൃത്വം നൽകി

## വിദ്യാരംഗം കലാസാഹിത്യവേദി കുറ്റിപ്പുറം ഉപജില്ല പ്രവർത്തനോദ്ഘാടനം: കുറ്റിപ്പുറം എ. ഇ. ഒ ശ്രീ. അജിത് കുമാർ ഉദ്ഘാടനം ചെയ്തു.



ഇരിമ്പിളിയംഎം.ഇ.എസ് ഹയർ സെക്കന്ററി സ്ക്കൂളിൽവെച്ച് നടത്തിയ കുറ്റിപ്പുറം ഉപജില്ല വിദ്യാരംഗം കലാസാഹിത്യ വേദിയുടെ പ്രവർത്തനോദ്ഘാടനം എ.ഇ. ഒ ശ്രീ അജിത്ത് കുമാർ ഉദ്ഘാടനം ചെയ്തു.എം. ഇ. എസ്. ഹയർ സെക്കൻഡറി സ്കൂളിലെ പ്രിൻസിപ്പൽ ശ്രീ നജ്മുദീൻ അധ്യക്ഷത വഹിച്ചു. എച്ച്. എം ഫോറം സെക്രട്ടറി പവിത്രൻ , ഹെഡ്മാസ്റ്റർ അഷറഫലി കെ എന്നിവർ ആശംസ പറഞ്ഞു. തുടർന്ന് പ്രഭാഷകനും അദ്ധ്യാപകനുമായ ബിജു കാവിൽ വിദ്യാരംഗം മാർഗ രേഖയെ കുറിച്ച് വളരെ ഗംഭീരമായി ക്ലാസ്സ്എടുത്തു. കവിത ചൊല്ലലും, കടങ്കഥയും ചൊല്ലുകളുമായി വളരെ സരസമായി കൺവീനർമാരോട് മാഷ് സംവദിച്ചു.തുടർന്ന് ക്ലാസ്സ് റൂം ഡിജിറ്റൽ സാധ്യതകൾ എന്നവിഷയത്തിൽ അധ്യാപകനായ റിയാസ് ക്ലാസ്സ് എടുത്തു.അധ്യാപകരായ സനൂജ , നിഷ , അഞ്ജു, അനൂപ് എന്നിവർ വിവിധ സെഷനുകളിൽ സംസാരിച്ചു.

## ഹിരോഷിമ–നാഗസാക്കി ദിനം ആചരിച്ചു

വിദ്യാർത്ഥികളിൽ സമാധാനവും സഹജീവനവും വളർത്തുക എന്ന ലക്ഷ്യത്തോടെ ഇരിമ്പിളിയം എം. ഇ. എസ് ഹയർ സെക്കന്ററിസ്ക്കൂളിലെ സോഷ്യൽ സയൻസ്ക്ലബ് ഹിരോഷിമ നാഗസാക്കി ദിനാചരണം നടത്തി.സോഷ്യൽസയൻസ് ക്ലബ് ലീഡറായഷിൻസ ഹിരോഷിമ നാഗസാക്കി സംഭവങ്ങളുടെ ചരിത്രം വിവരിച്ചു..വിദ്യാർത്ഥികൾക്കായി കൊളാഷ് നിർമ്മാണം, ഒറിഗാമി നിർമ്മാണം എന്നീ മത്സരങ്ങൾ സംഘടിപ്പിച്ചു. സോഷ്യൽ സയൻസ് അധ്യാപകരായ ഷമ്മ ഷാഫി ,ജുനൈദ് എന്നിവർ പരിപാടിക്ക് നേതൃത്വം നൽകി.

## രാമായണ പ്രശ്നോത്തരി നടത്തി.



ഇരിമ്പിളിയം എം. ഇ. എസ് ഹയർ സെക്കന്ററിസ്ക്കൂളിലെ സംസ്കൃത ക്ലബ് രാമയണ മാസത്തോടനുബന്ധിച്ച് രാമായണ പ്രശ്നോത്തരി നടത്തി. അപർണ10.B,അദ്വൈത 8 I അമൃത കൃഷ്ണ 10C എന്നിവർ ഒന്നും രണ്ടും മൂന്നും സ്ഥാനം നേടി.സംസ്കൃത അധ്യാപികയായ സിന്ധു.പി പരിപാടിക്ക് നേതൃത്വം നൽകി.

## വിജയഭേരി പഠന പിൻതുണ ക്ലാസ് നൽകി

ഇരിമ്പിളിയം എം.ഇ.എസ് ഹയർ സെക്കന്റി സ്കൂളിലെ വിജയഭേരി ക്ലബിന്റെ ആഭിമുഖ്യത്തിൽ ആഗസ്റ്റ് 14 ന്



വിജയഭേരിയിൽ ഉൾപ്പെട്ടവിദ്യാർത്ഥികൾക്കായി നടത്തിയ പഠനപിൻതുണാക്ലാസ് ഹെഡ്മാസ്റ്റർ അഷ്റഫലി കാളിയത്ത് ഉദ്ഘാടനം ചെയ്തു. രാവിലെ പത്ത് മണിക്ക് ആരംഭിച്ച് വൈകുന്നേരം നാല് മണി വരെ നാല് സെഷനുകളായി നടത്തിയ ക്ലാസ് സാമൂഹ്യശാസ്ത്ര അധ്യാപകനായ അൻവർ സി.എം,കെമിസ്ട്രി അധ്യാപകനായ അനീഷ് എസ്, ഹിന്ദി അധ്യാപകനായ സുരേഷ് കെ ,ബയോളജി അധ്യാപകനായ നിഹാൽ മെയ്തീൻ എന്നിവർ നയിച്ചു. പഠനതാൽപര്യം കൂട്ടാനും പരീക്ഷയെ ആത്മവിശ്വാസത്തോടെ നേരിടാനും വിദ്യാർത്ഥികൾക്ക് ഈ ക്ലാസുകൾ സഹായിച്ചു .വിജയഭേരി ചുമതലയുള്ള അധ്യാപകരായ ഷീന ആർ ചന്ദ്രൻ ,തസ്നീം കെ.പി ,റംസി എന്നിവർ പരിപാടിക്ക് നേതൃത്വം നൽകി.

## മാതൃക ചോദ്യപേപ്പർ നൽകി



ഇരിമ്പിളിയം എം. ഇ. എസ് ഹയർ സെക്കന്ററി സ്ക്കൂളിലെ സരോവരം ക്ലബിന്റെ നേതൃത്വത്തിൽ സരോവരംവിദ്യർത്ഥികൾ ക്കുള്ള മാതൃകചോദ്യ പേപ്പർ സ്ക്കൂൾമാനേജ്മെന്റ് സെക്രട്ടറി ടി. മുസ്തഫ കമാൽ സ്ക്കൂൾ പാർലമെന്റ് സെക്രട്ടറി ഷിൻസക്ക് കൈമാറി ഉദ്ഘാടനം ചെയ്തു.പരിപാടിയിൽ സ്ക്കൂൾ പ്രിൻസിപ്പാൾ നജ്മുദ്ധീൻ, സരോവരം ചുമതലയുള്ള അധ്യാപകരായ സുഷമ വി. കെ, ഷഹനാസ്ബിന്ദു ശ്രീജ കെ. എം,അനീഷ് എസ് എന്നിവർപങ്കെടുത്തു.

## മൾട്ടിമീഡിയ പ്രസൻന്റേഷൻ മത്സരം സംഘടിപ്പിച്ചു.



ഇരിമ്പിളിയം എം. ഇ. എസ് ഹയർസെക്കന്ററി സ്കൂളിലെ സ്വാതന്ത്ര്യ ദിന ത്തോടനുബന്ധിച്ച് ലിറ്റിൽ കൈറ്റ്സ് യൂണിറ്റിന്റെ നേതൃത്വത്തിൽ ആഗസ്റ്റ് 14 ന് ഇന്ത്യൻ സ്വാതന്ത്ര്യ സമര സേനാനികൾ എന്ന വിഷയത്തിൽ മൾട്ടി മീഡിയ പ്രസന്റേഷൻ മത്സരം സംഘടിപ്പിച്ചു. ധാരാളം കുട്ടികൾ പങ്കെടുത്ത മത്സരത്തിൽ മുഹമ്മദ് ഇഷാൻ കെ ടി 8U ഒന്നാംസ്ഥാനവും ഫർസാൻ അൻവർ 9B രണ്ടാംസ്ഥാനവും റിൻഷ മൂന്നാംസ്ഥാനവും നേടി.പരിപാടിക്ക് ലിറ്റിൽ കൈറ്റ്സ് മെന്റേർസായ മുഹമ്മദ് മുനീർ ,ഹഫ്സ എന്നിവർ നേതൃത്വം നൽകി



**ലിറ്റിൽ കൈറ്റ്സ്- 2025-28 ബാച്ചിലെ ആൺകുട്ടികളുടെ യൂണിഫോം വിതരണോൽഘാടനം ഹെഡ്മാസ്റ്റർ അഷ്റഫലി കെ നിർവ്വഹിക്കുന്നു.**

## കെ പി മുഹമ്മദ് കുട്ടി മാസ്റ്റർ കാലത്തിനു മുൻപേ നടന്ന പ്രതിഭ -അനുസ്മരണ യോഗം



ഇരിമ്പിളിയം എംഇഎസ് ഹയർസെക്കൻഡറി സ്കൂളിൽ സംഘടിപ്പിച്ച അനുസ്മരണ യോഗത്തിൽ സ്കൂളിന്റെ മുഖ്യ കാര്യദർശിയും , നീണ്ട കാലയളവിൽ മാനേജ്മെന്റ് കമ്മിറ്റി ചെയർമാനും ,സെക്രട്ടറിയുമായിരുന്ന മുഹമ്മദ് കുട്ടി മാസ്റ്ററുടെ വിയോഗത്തിൽ സ്കൂൾ മാനേജ്മെന്റും , പി ടി എ യും , സ്റ്റാഫും അദ്ദേഹത്തിന്റെ സേവനങ്ങൾ അനുസ്മരിച്ചു .സ്കൂൾ മാനേജ്മെന്റ് കമ്മിറ്റി വൈസ് പ്രസിഡണ്ട് അബ്ദുൽ അസീസ് അധ്യക്ഷം വഹിച്ച പരിപാടിയിൽ എസ് എം സി സെക്രട്ടറി ടി മുസ്തഫ കമാൽ സ്വാഗതം *പറഞ്ഞു. എസ് എം സി ജോ . സെക്രട്ടറി പ്രൊഫസർ സാജിദ്,പിടിഎ പ്രസിഡണ്ട് സുരേഷ് മലയത്ത് ,എസ് എം സി ട്രഷറർ ഹബീബ് റഹ്മാൻ ,  അംഗങ്ങളായ ബീരാൻ , നൗഷാദ് , മുഹമ്മദ് മാഷിന്റെ മക്കളായ ഷാജു നജീബ് , സുധീർലാൽ , ഹെഡ്മാസ്റ്റർ കെ അഷ്റഫലി , പിടിഎ അംഗങ്ങളായ ഹഫ്സത്ത് ബീവി , മുഹമ്മദാലി, അധ്യാപകരായ സെയ്തലവി, അജിത്ത്, മൻസൂർ,ഷാഹിന , സുബൈർ എന്നിവർ സംസാരിച്ചു. പ്രിൻസിപ്പൽ കെ കെ നജ്മുദ്ദീൻ നന്ദിപ്രകാശനം നടത്തി.

## വർണാഭം സ്വാതന്ത്ര്യദിനം



രാജ്യത്തിന്റെ 79 ആം സ്വാതന്ത്ര്യ ദിനത്തിന്റെ ഭാഗമായി  ഇരിമ്പിളിയം എംഇഎസ് ഹയർ സെക്കൻഡറി സ്കൂളിൽനടന്ന ആഘോഷ പരിപാടികൾ സ്കൂൾ മാനേജ്മെന്റ് കമ്മിറ്റി സെക്രട്ടറി ടി മുസ്തഫ കമാൽ ഉദ്ഘാടനം ചെയ്തു.രാവിലെ 9 മണിക്ക് പ്രിൻസിപ്പൽ കെ കെ നജ്മുദ്ദീൻ പതാക ഉയർത്തി. ഹെഡ്മാസ്റ്റർ അഷഫലി കെ സ്വാഗതം പറഞ്ഞ ചടങ്ങിൽ പി ടി എ പ്രസിഡന്റ് സുരേഷ് മലയത്ത് അധ്യക്ഷം വഹിച്ചു. എസ് എം സി വൈസ് പ്രസിഡന്റ് അബ്ദുല്ലസീസ്, എസ്എംസി ട്രഷറർ ഹബീബ് റഹ്മാൻ, ജോയിൻ സെക്രട്ടറി പ്രൊഫസർ സാജിദ്, പി ടി എ പ്രതിനിധികളായ ഹഫ്സത്ത് ബീവി, മുഹമ്മദാലി, മാനേജ്മെന്റ് പ്രതിനിധികളായ ബീരാൻ, പി വി നൗഷാദ്, അധ്യാപകരായ സൈതലവി, അജിത്ത്, ഷാഹിന, റംഷി, അമീൻ,നവാസ്, വിദ്യാർത്ഥി പ്രതിനിധി സിയാ നസ്രിൻ എന്നിവർ ആശംസകൾ അർപ്പിച്ചു.തുടർന്ന് സ്കൗട്ട്, ഗൈഡ്, ജെ ആർ സി,  ലിറ്റിൽ കൈറ്റ്സ്, എൻഎസ്എസ്  വിദ്യാർത്ഥികളുടെ മാർച്ച് പാസ്റ്റ് നടന്നു. വിദ്യാർത്ഥികളുടെ കലാപരിപാടികളുടെ ഭാഗമായി ദേശഭക്തിഗാനം, എൻഎസ്എസ് ഗീതം,പിരമിഡ് നിർമ്മാണം, ദേശസ്നേഹം വിളിച്ചോതുന്ന ഡിസ്പ്ലേ ഡാൻസ് എന്നിവ അരങ്ങേറി. ദേശീയ ഗാനത്തോടെ ചടങ്ങുകൾ അവസാനിച്ചു.തുടർന്ന് വിദ്യാർഥികൾക്ക് രുചികരമായ പായസം വിതരണം ചെയ്തു





**സ്കൗട്ട് & ഗൈഡ് സ്വരൂപിച്ച മിഥുൻ ഭവന നിർമ്മാണ ഫണ്ട് 10250 രൂപ കുറ്റിപ്പുറം ഉപജില്ലക്ക് കൈമാറുന്നതിന് സ്കൂൾ സെക്രട്ടറി ശ്രീ. മുസ്തഫാ കമാൽ ൽ നിന്ന് സ്കൂൾ ഹെഡ്മാസ്റ്റർ ശ്രീ. അഷറഫലി കാളിയത്ത് സ്വീകരിക്കുന്നു.**

## ഡിജിറ്റൽ പൂക്കളമത്സരം



ഇരിമ്പിളിയം എം. ഇ. എസ് ഹയർസെക്കന്ററിസ്കൂളിൽ ഓണാഘോഷത്തോടനുബന്ധിച്ച് ലിറ്റിൽ കൈറ്റ്സ് യൂണിറ്റിന്റെ നേതൃത്വത്തിൽ ഡിജിറ്റൽപൂക്കളമത്സരം സംഘടിപ്പിച്ചു.മത്സരത്തിൽ ഇസ്സ ഫാത്തിമ 8J ഒന്നാംസ്ഥാനവും നിദനസ്റിൻ 8C ,ഫിസഷെസ്മിൻ 8N രണ്ടാംസ്ഥാനവും നസീഫ് 9P മൂന്നാംസ്ഥാനവും നേടി.പരിപാടിക്ക് ലിറ്റിൽ കൈറ്റ്സ് മെന്റേർസായ മുഹമ്മദ് മുനീർ ഹഫ്സ എന്നിവർ നേതൃത്വം നൽകി.

## ഓണം സൗഹൃദ സംഗമം സംഘടിപ്പിച്ചു



ഇരിമ്പിളിയം:എം ഇ എസ് ഡയമണ്ട് ജൂബിലിയോടനു ബന്ധിച്ച് എംഇഎസ് ഹയർസെക്കൻഡറി സ്കൂളിൽ ഓണം സൗഹൃദ സംഗമം സംഘടിപ്പിച്ചു. സാഹോദര്യത്തിന്റെയും, മതമൈത്രിയുടെയും ബന്ധങ്ങൾ വിളിച്ചോതിയ പരിപാടി കോട്ടക്കൽ നിയോജകമണ്ഡലം എം എൽ എ പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ ഉദ്ഘാടനം ചെയ്തു. എം ഇ എസ് എയ്ഡഡ് സ്കൂൾ സ്റ്റാൻഡിങ് കമ്മിറ്റി ചെയർമാൻ വി യു ഹംസക്കോയ അധ്യക്ഷം വഹിച്ച പരിപാടിയിൽ ഇരിമ്പിളിയം ഗ്രാമപഞ്ചായത്ത് പ്രസിഡണ്ട് പി ടി ഷഹനാസ് മാസ്റ്റർ മുഖ്യപ്രഭാഷണം നടത്തി.ബ്ലോക് വൈസ് പ്രസിഡന്റ് പി സി നൂർ,ഇരിമ്പിളിയം സ്റ്റാന്റിങ് കമ്മറ്റി ചെയർമാൻ മുഹമ്മദാലി,വാർഡ് മെമ്പർ ഷഫീദ ബേബി,പറമ്പത്ത് കാവ് മേൽശാന്തി രാജീവ്  നമ്പൂതിരി,കോഞ്ചത്ത് ഭാസ്കരൻ,എം ഇ എസ് സംസ്ഥാന വൈസ് പ്രസിഡന്റ് ഷാഫി ഹാജി, ,എം ഇ എസ് സംസ്ഥാന എക്സിക്യൂറ്റീവ് അംഗം കെ അബ്ദു ലത്തീഫ്, ട്രാഫിക് എസ് ഐ നസീർ തിരൂർക്കാട്, പഞ്ചായത്ത് സെക്രട്ടറി ഷാജി, വില്ലേജ് ഓഫീസർ,എന്നിവർ ചടങ്ങിൽ സംബന്ധിച്ചു.എസ് എം സി  സെക്രട്ടറി ടി.മുസ്തഫ കമാൽ സ്വാഗതം പറഞ്ഞ പരിപാടിയിൽ എസ് എം സി ട്രഷറർ പി ഹബീബ് റഹ്മാൻ നന്ദി പ്രകാശനം നടത്തി. അസഹിഷ്ണുതയുടേയും, വിദ്വേഷത്തിന്റെയും ഈ കാലഘട്ട ത്തിൽ എം ഇ എസ് നടത്തുന്ന സൗഹൃദ സംഗമങ്ങൾ തികച്ചും മാതൃകാപരവും, ശ്ലാഘനീയവുമാണെന്ന് ചടങ്ങിൽ സൗഹൃദ സന്ദേശങ്ങൾ നൽകിയ സാഹിത്യകാരൻ പി സുരേന്ദ്രൻ അഭിപ്രായപ്പെട്ടു.ഓണം സൗഹൃദകിറ്റിന്റെ ഉദ്ഘാടനം വാർഡ് മെമ്പർ കെ വി സുനിതനിർവഹിച്ചു. ചടങ്ങിൽ എസ് എം സി വൈസ് പ്രസിഡന്റുമാരായ അബ്ദുൽ അസീസ്,  പ്രൊഫ. സൈനബ, എസ് എം സി ജോ. സെക്രട്ടറിമാരായ  പ്രൊഫ.സാജിദ്,നൗഷാദ്,പി ടി എ പ്രസിഡന്റ് സുരേഷ് മലയത്ത്, പ്രിൻസിപ്പൽ കെ കെ നജ്മുദ്ദീൻ,ഹെഡ്മാസ്റ്റർകെ അഷ്റഫലി, എം പി ടി എ പ്രസിഡന്റ് സമീഹ അലി,എസ് എം സി അംഗങ്ങളായ നൗഷാദ്, ബീരാൻ, സജീദ് മോൻ,ജിഷാർ, ഡോ. ഫസലു റഹ്മാൻ, കെ ടി മുഹമ്മദ് മാസ്റ്റർ, ഷെയ്ഖ് അബ്ദുള്ള, ഷാജു നജീബ്, സൈനുദ്ദീൻ, സെൻട്രൽ സ്കൂൾ പ്രിൻസിപ്പൽ ജോബിൻ സെബാസ്റ്റ്യൻ,പി ടി എ പ്രതിനിധികളായ മുഹമ്മദാലി,ഹഫ്സത്ത് ബീവി, ബുഷ്റ,, ഡെപ്യൂട്ടി ഹെഡ്മിസ്ട്രെസ് ഷമീമ, സ്റ്റാഫ് സെക്രട്ടറിമാരായ സെയ്ദലവി, അജിത്ത്, അക്കാദമിക് കോർഡിനേറ്റർ മാരായഷാഹിന, റംസി എന്നിവർ ആശംസകൾ അർപ്പിച്ചു.ഓണ സദ്യയും  വിവിധമത്സരങ്ങളും സംഘടിപ്പിച്ചു.  .പരിപാടിക്ക് അധ്യാപകരായ അനീഷ്, നജ്മുദ്ദീൻ, അനൂപ്, ഇസ്ഹാഖ്, സുബൈർ, റഫീഖ്, സൈനുദ്ധീൻ,മുനീർ,മൻസൂർ,ഷിബിലി എന്നിവർ നേതൃത്വം നൽകി.

# ഒന്നിച്ചോരോണം



ഇരിമ്പിളിയം എംഇഎസ് ഹയർ സെക്കന്ററി സ്കൂളിൽ ഓഗസ്റ്റ് 27 ബുധനാഴ്ച്ച വിപുലമായ രീതിയിൽ ഓണം ആഘോഷം നടത്തി.ഒന്നിച്ചോരോണം 2k25 എന്ന പേരിൽ നടത്തിയ ഓണാഘോഷം ഹെഡ്മാസ്റ്റർ അഷ്‌റഫലി കാളിയത്ത് നെയിം റിലീസ് ചെയ്ത് ഉദ്ഘാടനം ചെയ്തു. ഡെപ്യൂട്ടി ഹെഡ്മിസ്ട്രസ് ഷമീമ ,സ്റ്റാഫ് സെക്രട്ടറി അജിത്ത് , എസ് ആർ ജി കൺവീനർ റംസി എന്നിവർ ആശംസകൾ അറിയിച്ചു.അധ്യാപികമാരുടെ മെഗാതിരുവാതിരകളി ,വിദ്യാർത്ഥികളും അധ്യാപികമാരും ചേർന്നുള്ള റീൽസ് ഡാൻസ് എന്നിവഅരങ്ങേറി ഓണഘോഷ പരിപാടിക്ക് തുടക്കം കുറിച്ചു.വിദ്യാർത്ഥികൾക്കായി കസേരകളി,ഉറിയടി,വടംവലി,വഞ്ചിപ്പാട്ട്, ബൗൾ ഔട്ട്,കിക്ക് ദ ബോട്ടിൽ ഡിജിറ്റൽപൂക്കളമത്സരം തുടങ്ങിയ ഓണമത്സരങ്ങൾ സംഘടിപ്പിച്ചു. മത്സരവിജയികൾക്കുള്ള സമ്മാന വിതരണം എം.എൽ എ ആബിദ് ഹുസൈൻ തങ്ങൾ,സ്കൂൾ മാനേജ്മെന്റ് സെക്രട്ടറി മുസ്തഫ കമാൽ പി ടി.എ പ്രസിഡന്റ് സുരേഷ് മലയത്ത് ,എസ് എം സി ട്രഷറർ പി ഹബീബ് റഹ്മാൻ എന്നിവർ വിതരണം ചെയ്തു. സ്കൂളിലെ മുഴുവൻ വിദ്യാർത്ഥികൾക്കും അതിവിപുലമായ സദ്യയും നൽകി. ഓണാഘോഷ ചുമതലയുള്ള അധ്യാപകരായ അമീറലി എ, ശിൽപ .എസ് .കുമാർ, നസീബ പി.കെ, ഖമറുൽ ഇസ്ലാം,ഷഫ്ന ,ജുനൈദ്,അനീഷ് എസ് ,അനൂപ് എൻ.എം ,റഫീഖ്, അക്ബർ,ഷഹനാസ് ബിന്ദു,നിജില എന്നിവർ പരിപാടിക്ക് നേതൃത്വം നൽകി

















ലിറ്റിൽ കൈറ്റ്സ്- 2025-28 ബാച്ചിലെ പെൺകുട്ടികളുടെ യൂണിഫോം വിതരണോൽഘാടനം ഹെഡ്മാസ്റ്റർ അഷ്‌റഫലി കെ നിർവ്വഹിക്കുന്നു.





# ആഗസ്റ്റ് മാസത്തെ വിജയികൾ......












# അഭിമാനതാരങ്ങൾ













